BIO-VISION VIDEO BLOG

**A** | **602**

शिक्षा का अधिकार

सर्व शिक्षा अभियान
सब पढ़ें सब बढ़ें

# ഒന്നാം പാദവാർഷിക മൂല്യനിർണയം 2016–17

## മലയാളം

ക്ലാസ്സ് : 6 — **കേരളപാഠാവലി** — സമയം: 2 മണിക്കൂർ

### *നിർദ്ദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

**പ്രവർത്തനം 1**

പാട്ടിനോട് മനുഷ്യന് ഒടുങ്ങാത്ത പ്രണയമാണ്. കല്ലുകളെപ്പോലും അലിയിക്കാനുള്ള ശക്തി പാട്ടിനുണ്ടെന്ന് നാം കേട്ടിട്ടുണ്ട്. 'ജീവനുള്ള പാട്ട്' എന്ന കവിതയിൽ ഒരു ഗന്ധർവബാലന്റെ ഗാനം കേട്ട് അന്തിയിൽ സ്വയം മറന്നിരിക്കുന്ന ഒരു പെൺകുട്ടിയെ നാം കാണുന്നു.

A. സന്ധ്യകൾ നാം ധാരാളം കണ്ടിട്ടുണ്ട്. വശ്യമായ ആ ഭംഗി വേണ്ടുവോളം ആസ്വദിച്ചിട്ടുമുണ്ട്. കാട്ടുമുളംതണ്ടിൽ നിന്നും കരളലിയിക്കുന്ന ഗാനം പൊഴിക്കുന്ന ഗന്ധർവ ബാലൻ, ആ ഗാനത്തിൽ സ്വയം മറന്ന പെൺകുട്ടി, അന്തിമേഘങ്ങൾ . . . . എല്ലാം ചേർന്ന സുന്ദരമായ ഒരു സന്ധ്യയെ മനസിൽ കണ്ടു നോക്കൂ. അതിനെക്കുറിച്ച് ഒരു **വർണന** തയാറാക്കൂ.

B. സന്ധ്യയ്ക്ക് പകരം മുകളിൽ നിന്നും മറ്റൊരു പദം കണ്ടെത്തി എഴുതുക.

പ്രവർത്തനം 2

ഉമ്മറത്തിരുന്ന് മുത്തച്ഛൻ പത്രം വായിക്കുകയാണ്. ആൻസി ഒപ്പം കൂടി. ഹോംവർക്കും ചെയ്യാം; പത്രം വായിച്ചതുമായി. ഒരു വെടിക്കു രണ്ടു പക്ഷി! ഓരോ വാർത്തകളായി മുത്തച്ഛൻ ഉറക്കെ വായിച്ചു തുടങ്ങി. 'വൃദ്ധയെ ഇടിച്ചു തെറിപ്പിച്ച് വാഹനം നിറുത്താതെ പോയി', 'സ്വന്തം കുഞ്ഞിനെ വിൽക്കാൻ ശ്രമിക്കുന്നതിനിടയിൽ പിതാവ് പോലീസിന്റെ പിടിയിലായി, "കഷ്ടം തന്നെ... ഇമ്മാതിരി വാർത്തകളല്ലാതെ ഇല്ല."

"അല്ല മുത്തച്ഛാ . . . ദാ എന്റെ പാഠത്തിലെ കഥ നോക്കൂ . . . ആൻസി മുത്തച്ഛന് 'ഓടയിൽ നിന്നി'ലെ പപ്പുവിനെ പരിചയപ്പെടുത്തിക്കൊടുത്തു. പപ്പുവിന്റെ സത്യസന്ധത, ജോലിയിലെ ആത്മാർത്ഥത.....

പിന്നെ എന്തൊക്കെയാവും അവൾ പപ്പുവിനെക്കുറിച്ച് മുത്തച്ഛനോട് പറഞ്ഞിട്ടുണ്ടാകുക? നാം ചുറ്റും കാണുന്നവരിൽ നിന്നും എന്തൊക്കെ വ്യത്യാസങ്ങളാണ് പപ്പുവിനുള്ളത്. . . .

'ഓടയിൽ നിന്ന്' എന്ന കഥയിലെ പപ്പുവിനെക്കുറിച്ചുള്ള നിങ്ങളുടെ കാഴ്ചപ്പാട്, നിങ്ങൾക്ക് പറയാനുള്ള മറ്റു കാര്യങ്ങൾ ഇവ കൂടി ചേർത്ത് ഒരു **കഥാപാത്ര നിരൂപണം** തയാറാക്കൂ.

ആകർഷകമായ തുടക്കം, ഒടുക്കം എന്നിവയോടുകൂടി മൂന്നോ നാലോ ഖണ്ഡികകൾ എഴുതുമല്ലോ....

BIO-VISION VIDEO BLOG

സഭാപ്രവേശം തുള്ളലിൽ ദേവശില്പിയായ മയന്റെ കരവിരുത് നാം കണ്ടു. അത്ഭുതകരമായ ഒരു കൊട്ടാര നിർമാണം കൺമുന്നിൽ നടക്കുന്നതുപോലെ.

സഭാപ്രവേശത്തിലെ മറ്റു നാലു വരികൾ നോക്കൂ.

"ജലമേന്തി നിൽക്കുന്നൊരാറ്റിന്റെ മധ്യേ
ജലമില്ലെന്നുള്ളത്തിലോർത്തു പതുക്കെ
നലമൊടു പൊണ്ണൻ കുതിച്ചങ്ങുചാടി
നിലവിട്ടു വെള്ളത്തിൽ വീണാശുമുങ്ങി"

ഇനി 'നളചരിതം' തുള്ളലിലെ ചില വരികൾ

നായർ വിശന്നു വലഞ്ഞുവരുമ്പോൾ
കായക്കഞ്ഞിക്കരിയിട്ടില്ല
ആയതുകേട്ടുകലഹിച്ചെന്നവ-
നായുധമുടനേ കാട്ടിലെറിഞ്ഞു
ഉരുളികൾ കിണ്ടികളൊക്കെയുടച്ചു
ഉരലുവലിച്ചു കിണറ്റിൽ മറിച്ചു
ചിരവയെടുത്തഥ തീയിലെരിച്ചു
അരകല്ലങ്ങു കുളത്തിലെറിഞ്ഞു
അതുകൊണ്ടരിശം തീരാഞ്ഞവനാ-
പുരയുടെ ചുറ്റും മണ്ടി നടന്നു.

ചുറ്റുപാടും നടക്കുന്ന കാര്യങ്ങൾ കൺമുന്നിൽ കാണുന്നതുപോലെ വർണിക്കാനുള്ളകുഞ്ചൻ നമ്പ്യാരുടെ കഴിവ് അപാരമാണ്. ഇതിനോട് നിങ്ങളുടെ പ്രതികരണം എന്താണ്?

A. മയന്റെ മായാജാലം, നളചരിതം തുള്ളലിലെ ഭാഗം എന്നിവ **വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.**

B. ചുവടെ കൊടുത്തിട്ടുള്ളതിൽ കുഞ്ചൻനമ്പ്യാർക്ക് യോജിക്കാത്ത വിശേഷണം ഏത്?

- ജനകീയ കവി
- കിളിപ്പാട്ട് പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്
- ഫലിത സമ്രാട്ട്
- തുള്ളൽ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്

BIO-VISION VIDEO BLOG

പ്രവർത്തനം 4

ഈ കഥ വായിക്കൂ.

### മോഷണം

കുവോ പണക്കാരനും സിയാങ്ങ് പാവപ്പെട്ടവനും ആയിരുന്നു. ഒരു ദിവസം സിയാങ്ങ് കുവോയെ സന്ദർശിച്ചു. “എങ്ങനെയാണ് നിങ്ങൾ പണക്കാരനായത്?” സിയാങ്ങ് ചോദിച്ചു. “ഞാൻ നല്ല പോലെ മോഷ്ടിക്കുമായിരുന്നു. രണ്ടു വർഷങ്ങൾക്കുള്ളിൽത്തന്നെ ഞാൻ സമ്പന്നനായി. അയൽക്കാർക്കൊക്കെ സഹായം ചെയ്യാൻ എനിക്കു സാധിച്ചു.”

സിയാങ്ങ് ഒരു കള്ളനാവാൻ തീരുമാനിച്ചു. അയാൾ മോഷണം തുടങ്ങി. ഉടൻ തന്നെ പിടിക്കപ്പെട്ടു. കുവോ തന്നെ ചതിച്ചെന്നു മനസ്സിലാക്കി അയാൾ ദേഷ്യത്തോടെ കുവോയെ സമീപിച്ചു.

“നീ എങ്ങനെയാണ് മോഷ്ടിച്ചത്?” കുവോ ചോദിച്ചു.

സിയാങ്ങ് തന്റെ മോഷണരീതിയെക്കുറിച്ച് വിവരിച്ചു.

“കഷ്ടം. നീ മോഷണം നടത്തിയത് ശരിയായ രീതിയിലല്ല. ഞാൻ ഭൂമിയും ആകാശവും കൊള്ളയടിക്കുന്നു. എന്റെ വയലുകളെ നനയ്ക്കുന്നു. എന്റെ അമ്പും വില്ലും ഉപയോഗിച്ച് മരത്തിൽ നിന്ന് പക്ഷികളേയും വല ഉപയോഗിച്ച് തടാകത്തിൽ നിന്ന് മത്സ്യങ്ങളേയും മോഷ്ടിക്കുന്നു. അങ്ങനെ എല്ലാ സമയവും മോഷ്ടിക്കുന്നതുകൊണ്ട് ഞാൻ സമ്പന്നനായി. ആകാശവും ഭൂമിയും എന്റെ കളവിൽ ഒരിക്കലും എന്നെ ശിക്ഷിച്ചിട്ടില്ല.”

സിയാങ്ങും ആ വഴി തെരഞ്ഞെടുത്തു. അധികം താമസിയാതെ അയാളും സമ്പന്നനായി.

കഥ ഇഷ്ടമായോ...? ആകാശത്തേയും ഭൂമിയേയും മോഷ്ടിക്കുന്നു എന്ന് പറയുന്നതിൽ എന്താണ് പ്രത്യേകത? എന്തുകൊണ്ടാണ് ആകാശവും ഭൂമിയും കുവോയെ ശിക്ഷിക്കാതിരുന്നത്?

A. കഥയിൽ നിങ്ങൾക്ക് ആകർഷകമായി തോന്നിയ മറ്റുകാര്യങ്ങളും ചേർത്ത് ഒരു **ആസ്വാദനക്കുറിപ്പ്** തയാറാക്കൂ.

B. ഈ കഥയ്ക്ക് മറ്റൊരു തലക്കെട്ട് നൽകാമോ....?